# 56. ആനുകാലികങ്ങളിൽ അശ്ലീലം

ശ്രീയുള്ളതു് ശ്രീലം; ശ്രീലമല്ലാത്തതു് അശ്ലീലം. സംസ്കൃതത്തിലെ സാഹിത്യശാസ്ത്രകാരന്മാർ അശ്ലീലത്തെ ഒരു കാവ്യദോഷമായി ഗണിച്ചുവന്നു. വായനക്കാർക്കു് ലജ്ജയോ ജുഗുപ്സയോ, വായനക്കാർക്കും എഴുത്തുകാരനും അമംഗളമോ, ഉളവാക്കുന്ന പദപ്രയോഗവും വാക്യപ്രയോഗവുമായിരുന്നു, അവരുടെ അഭിപ്രായത്തിൽ അശ്ലീലം.

എന്നാൽ, അശ്ലീലമെന്ന പദം ഇന്നു നാം ഉപയോഗിക്കുന്നതു് അല്പം വ്യത്യസ്തമായ ഒരർത്ഥത്തിലാണു്. ഇംഗ്ലീഷിലെ 'ഒബ്സീൻ' (obscene), 'വൾഗർ' (Vulgar) എന്നീ പദങ്ങൾകൊണ്ടു് ഉദ്ദിഷ്ടമായ അർത്ഥമാണു് നാം അതിനു കല്പിച്ചിരിക്കുന്നതു്. ജുഗുപ്സാജനകം, മലിനം, അസഭ്യം, കാമാതുരം എന്നൊക്കെയാണു് 'ഒബ്സീൻ' എന്ന പദത്തിനു നിഘണ്ടുവിലുള്ള അർത്ഥം. സാധാരണ ജനങ്ങളുടെ വ്യവഹാരത്തിലുള്ളതു്, ഗ്രാമ്യം, അസംസ്കൃതം എന്നൊക്കെ 'വൾഗർ' എന്ന പദത്തിനു് അർത്ഥം നിഘണ്ടു നല്കിയിരിക്കുന്നു. എങ്കിലും കുറെക്കൂടി വ്യാപകമായ ഏതാനും അർത്ഥധ്വനികൾകൂടി ആ പദങ്ങൾക്കു വന്നു ചേർന്നിട്ടുണ്ടു്.

ശരീരത്തിലെ ഗോപനീയഭാഗങ്ങൾ, മനുഷ്യന്റെ വിസർജനവസ്തുക്കൾ മുതലായവയെ കുറിക്കുന്ന നാടൻ പദങ്ങൾ 'വൾഗർ' എന്ന ഇനത്തിൽ പെടുന്നു. ലിഖിതസാഹിത്യത്തിൽ ഇത്തരം പദങ്ങളുടെയും അവ ഉൾക്കൊള്ളുന്ന ശൈലികളുടെയും പ്രയോഗം ജുഗുപ്സാജനകമാകുന്നു. ഇത്തരം വസ്തുക്കളെപ്പറ്റി പറയേണ്ടിവരുമ്പോൾ സംസ്കൃതത്തിലോ ഇംഗ്ലീഷിലോ ഉള്ള പദങ്ങൾ ഉപയോഗിക്കുകയാണു് മലയാളത്തിലെ വഴക്കം. മാതൃഭാഷയിലുള്ള ഒരു പദത്തിന്റെ വൈകാരികമായ അനുഭൂതി തീവ്രത അതേ അർത്ഥത്തിലുള്ള ഒരു ഇതര ഭാഷാപദത്തിനു് ഉണ്ടാവുകയില്ല എന്നതാണു് ഇതിനു കാരണം. 'വൾഗാരിററി' അഥവാ ഗ്രാമ്യത്വം ഒഴിവാക്കുന്നതു് നല്ല 'രുചി'യുടെ ലക്ഷണമായി കണക്കാക്കപ്പെടുന്നു

സാഹിത്യത്തിലെ 'സുരുചി'യുടെ പ്രശ്നം കുറെയേറെ സങ്കീർണമാകുന്നു. കാലഭേദമനുസരിച്ചു് 'സുരുചി' മാറിക്കൊണ്ടിരിക്കുന്നു എന്നതാണു് ഈ സങ്കീർണതയ്ക്കു് ഒരു കാരണം. ഇന്നു നിഷിദ്ധമെന്നു കരുതപ്പെടുന്ന പലതും നാളെ അനുവദനീയം മാത്രമല്ല, അഭിലഷണീയംതന്നെ ആയിത്തീരുന്നു. രുചിയിലുള്ള ഈ വ്യത്യാസം തനിയെ സംഭവിക്കുന്നതല്ല. അഗ്രഗാമികളും പഥികൃത്തുകളുമായ എഴുത്തുകാരാണു് രുചിഭേദത്തിനു കാരണമായിത്തീരുന്നതു് 'ലേഡി ചാറ്റർലി' എഴുതിയപ്പോൾ ഡി. എച്ച്. ലോറൻസ് ബ്രിട്ടനിൽ നിലവിലിരുന്ന 'സുരുചി'യെ വെല്ലുവിളിക്കുകയായിരുന്നു. തകഴിയുടെ 'പതിതപങ്കജം' എത്രയോ മലയാളവായനക്കാരെ ഞെട്ടിച്ചിട്ടുണ്ടു്. പലരേയും ശുണ്ഠിപിടിപ്പിച്ചിട്ടുമുണ്ടു്. 'ടാബൂ' എന്നു് സാങ്കേതികമായി വിളിക്കപ്പെടുന്ന സാമൂഹ്യ വിലക്കുകളെ കൂടെക്കൂടെ തൂത്തെറിയാതെ ചിന്തയ്ക്കോ സാഹിത്യത്തിനോ പുരോഗമിക്കുക സാധ്യമല്ല.

അതേസമയം, സ്വാതന്ത്ര്യമെന്നാൽ തോന്നിയവാസം (ലൈസൻസ്) അല്ല എന്നും ഓർക്കേണ്ടതുണ്ടു്. എഴുത്തുകാരൻ സുരുചിയുടെ കാര്യത്തിൽ തന്റെ വായനക്കാരുടെ മനോഭാവത്തെക്കൂടി കണക്കിലെടുത്തേ മതിയാവൂ. വായനക്കാരുടെ മുഖത്തു മഷി കുടയാൻ എഴുത്തുകാരനു് അവകാശമില്ല. സുരുചിയുടെ നിയമങ്ങളെ പാടെ ധിക്കരിക്കുന്ന എഴുത്തുകാരനെ വായനക്കാർ ശിക്ഷിക്കുമെന്ന വസ്തുത നിസ്സംശയമാണു്. എഴുത്തു് പല നിയമ

ങ്ങൾക്കും വിധേയമാണു്; എന്നാൽ വായനയെ സംബന്ധിച്ചിടത്തോളം ഒരു നിയമത്തിനും പ്രസക്തിയില്ല. പരീക്ഷയ്ക്കുള്ള പാഠപുസ്തകമല്ലെങ്കിൽ, ഏതു കൃതിയും വായിക്കാതിരിക്കാൻ, നിരൂപകനൊഴികെ മറ്റെല്ലാവർക്കും സ്വാതന്ത്ര്യമുണ്ടല്ലോ.

പുസ്തകങ്ങളുടെ കാര്യത്തിൽ പ്രസക്തമായതു് ആനുകാലികങ്ങളുടെ കാര്യത്തിൽ അനുപേക്ഷണീയമായിത്തീരുന്നു. ഒരു വാരികയുടെയോ മാസികയുടെയോ ഓരോ പ്രതിയും വാങ്ങുന്ന അവസരത്തിൽ വരിക്കാർ ആ പ്രസിദ്ധീകരണത്തിനു് അനുകൂലമായി ഒരു വോട്ടു് രേഖപ്പെടുത്തുകകൂടി ചെയ്യുന്നുണ്ടു്. വായനക്കാരിൽ ഓരോരുത്തരുടെയും രുചിയുടെ മാനദണ്ഡങ്ങൾ ഓരോ വിധത്തിലായിരിക്കാനാണ് സാദ്ധ്യത. എങ്കിലും, ഈ മാനദണ്ഡങ്ങൾക്കു് ഒരു 'ശരാശരി', എവിടെയോ ഉണ്ടു്. വായനക്കാരുടെ രുചിയുടെ ഈ ശരാശരി നിലവാരം മനസ്സിലാക്കാനും, അതിൽനിന്നു തങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന ഇനങ്ങൾ വളരെയധികം വ്യതിചലിക്കാതെ നോക്കാനും, ആനുകാലികങ്ങളുടെ പ്രവർത്തകർ നിർബന്ധിതരാണു്. പ്രസിദ്ധീകരണത്തിന്റെ പ്രചാരം കൂടുന്ന തോതനുസരിച്ചു് മാമൂൽ ലംഘിക്കുന്നതിനുള്ള പത്രാധിപരുടെ സ്വാതന്ത്ര്യം കുറയുന്നു. പക്ഷേ, സൗമ്യമായ ഒരു ഞെട്ടൽ തങ്ങൾ വായിക്കുന്ന കൃതികളിൽനിന്നു് മിക്ക വായനക്കാരും പ്രതീക്ഷിക്കുന്നുമുണ്ടു്. അതിനാൽ, മാമൂലിന്റെ മരവിച്ച അതിരുകൾവിട്ടു പുറത്തു കടക്കാത്ത സാഹിത്യം പലപ്പോഴും രസശൂന്യമായി വായനക്കാർക്കു് അനുഭവപ്പെടുന്നു. മാമൂൽ വിലംഘനം ഏതുവരെയാകാമെന്നു് തീരുമാനിക്കുന്നിടത്തു് ഔചിത്യം മാത്രമാണു് നിയാമകം. ഔചിത്യമാകട്ടെ, അന്തിമവിശകലനത്തിൽ, വ്യക്തിയുടെ ആന്തരബോധത്തെ മാത്രമാണുതാനും ആശ്രയിക്കുന്നതു്.

എഴുത്തുകാരും പത്രാധിപന്മാരും പരിഗണിക്കേണ്ട മാമൂലുകൾ മുഖ്യമായും ആറു തരത്തിലുള്ളവയാണെന്നു് പറയാറുണ്ടു്: 1. മതവിശ്വാസങ്ങളെ സംബന്ധിച്ചവ. 2. ഒരേ മതത്തിൽത്തന്നെ വ്യത്യസ്ത വിഭാഗങ്ങളുടെ വിഭിന്ന സിദ്ധാന്തങ്ങളെ സംബന്ധിച്ചവ. 3. വർഗങ്ങളെയോ ജാതികളെയോ സംബന്ധിച്ചവ. 4. രാഷ്ട്രീയ കക്ഷികളെ സംബന്ധിച്ചവ. 5. ധനിക—ദരിദ്ര വർഗഭേദത്തെ സംബന്ധിച്ചവ. 6. ഏതെങ്കിലും തൊഴിലുകളെ സംബന്ധിച്ചവ. ആനുകാലികങ്ങളുടെ തരഭേദം അനുസരിച്ചു് ഈ മാമൂലുകളെ ഒരളവുവരെ ലംഘിക്കാൻ കഴിഞ്ഞേക്കും. ഉദാഹരണത്തിനു്, ഡോക്ടർമാരെയോ വക്കീൽമാരെയോ അടച്ചാക്ഷേപിക്കുന്ന തരത്തിലുള്ള ഒരു ലേഖനം പ്രചാരം നന്നേ കുറഞ്ഞ ഒരു പത്രത്തിലോ വാരികയിലോ പ്രസിദ്ധപ്പെടുത്തിയാൽ കുഴപ്പമൊന്നും ഉണ്ടായില്ലെന്നു വരാം. അതേ ലേഖനംതന്നെ പ്രചാരം ധാരാളമുള്ള ഒരു ആനുകാലികത്തിൽ പ്രദ്ധീകരിക്കുന്നതു് അപകടം ക്ഷണിച്ചുവരുത്തലായേക്കും. ആ ആനുകാലികത്തിനെതിരെ പ്രക്ഷോഭമുണ്ടാകാനും, അതു പ്രചാരത്തെ പ്രതികൂലമായി ബാധിക്കാനും സാദ്ധ്യത കുറവല്ല. വായനക്കാരിൽ ചില വിഭാഗക്കാരുടെ അസുഖകരമായ പ്രതികരണത്തിനു പുറമേ, ചിലതരം മാമൂൽ വിലംഘനങ്ങൾ സർക്കാരിന്റെ നേരിട്ടുള്ള ഇടപെടലിനും കാരണമാകാറുണ്ടു്. കലാപമുണ്ടാക്കുന്നതിനോ വ്യത്യസ്ത ജനവിഭാഗങ്ങളെ തമ്മിലടിപ്പിക്കുന്നതിനോ കാരണമായേക്കാവുന്ന പ്രസിദ്ധീകരണത്തിനെതിരെ നടപടികൾ കൈക്കൊള്ളാൻ നിയമം ബാധ്യസ്ഥമാണല്ലോ. ഏതെങ്കിലും വ്യക്തിയുടെ സൽപ്പേരിനു് കളങ്കമുണ്ടാക്കാനും അനുകാലികത്തിനോ എഴുത്തുകാരനോ സ്വാതന്ത്ര്യമില്ലതന്നെ. സാധാരണ വായനക്കാരുടെ രുചികളെ മലീമസങ്ങളാക്കുമെന്നു് ആശങ്ക ജനിക്കുമ്പോഴും ആനുകാലികത്തിനോ എഴുത്തുകാരനോ എതിരെ സർക്കാരിനു് ഇടപെടാവുന്നതാണു്.

അശ്ലീലത്തിന്റെ പ്രശ്നം മുഖ്യമായും ഉത്ഭവിക്കുന്നതു് ഇവിടെയാണു്.

അശ്ലീലം എന്തെന്നതു സംബന്ധിച്ച് സർവസമ്മതമായ ഒരു നിർവചനം ഇനിയും ഉണ്ടായിട്ടില്ല. 'സദാചാര നിലവാരം സംബന്ധിച്ച്, സമുദായത്തിന്റെ സമകാല ധാരണകളുമായി ഒരു വിധത്തിലും പൊരുത്തപ്പെടാത്തതു്'' എന്നതാണ് പ്രസിദ്ധമായ ഒരു നിർവചനം. സമുദായത്തിന്റെ സമകാല ധാരണകൾ ഏവയെന്ന് വസ്തുനിഷ്ഠമായി തീരുമാനിക്കുക എളുപ്പമല്ലാത്തതിനാൽ, ഈ നിർവചനം വിധികർത്താവിന്റെ ആത്മനിഷ്ഠധാരണകളെ പ്രമാണമാക്കുന്നു എന്നു പറയാം. ലൈംഗിക കൃത്യങ്ങൾ, കുററകൃത്യങ്ങൾ മുതലായവ തങ്ങൾ ചെയ്യുമ്പോൾ ഉളവാകുന്ന സംതൃപ്തി വായനക്കാർക്കു നല്കുന്ന തരത്തിലുള്ള വർണനങ്ങളും ചിത്രങ്ങളും അശ്ലീലമാണെന്നത്രേ, പലരും ഉദ്ധരിക്കാറുള്ള മറെറാരു നിർവചനം. ഇവിടെയും വായനക്കാരനിൽ ഒരു കൃതി ഉളവാക്കുന്ന പ്രഭാവം ഏതു വിധത്തിലാണെന്ന നിർണയം വിധികർത്താവിന്റെ ആത്മനിഷ്ഠബോധത്തെ ആശ്രയിച്ചാണു നിലകൊള്ളുന്നത്.

അതേതായാലും മുതിർന്ന മനുഷ്യരുടെ നഗ്നശരീരത്തിന്റെയും ലൈംഗിക ക്രിയകളുടെയും, ലൈംഗിക വൈകൃതങ്ങളുടെയും വർണനം എഴുത്തുകാരന്റെ കലാപരമായ ലക്ഷ്യം നിർവഹിക്കുന്നതിന് അത്ത്, അവിടെ, ഒഴിച്ചുവിടാൻ വയ്യാത്തതു് അല്ലെങ്കിൽ, ശിക്ഷാർഹമായ അശ്ലീലം (പോർണോഗ്രാഫി) ആയിരിക്കുമെന്ന് മൊത്തത്തിൽ നിർവചിക്കാവുന്നതാണ്. ലൈംഗിക വൈകൃത വാസനകളെ സംതൃപ്തിപ്പെടുത്തുമാറ് ക്രൂരകൃത്യങ്ങൾ വിവരിക്കുന്നതും, ഇക്കൂട്ടത്തിൽ ചേർക്കാം. 'മലിനതയ്ക്കുവേണ്ടിയുള്ള മലിനത' എന്ന് ഇത്തരം അശ്ലീലം വിവരിക്കപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ വാക്കുകളെക്കാൾ കൂടുതൽ ആപല്ക്കരം ചിത്രങ്ങളാകുന്നു. പ്രത്യക്ഷവല്ക്കരണത്തിന് ചിത്രങ്ങൾക്കുള്ള ശക്തി വാക്കുകൾക്ക് ഉണ്ടാവുകയില്ലല്ലോ.

എല്ലാ ജനതകളുടെയും പ്രാചീനേതിഹാസങ്ങളിൽ ലൈംഗികവേഴ്ചകളുടെ ലൈംഗിക വൈകൃതങ്ങളുടെതന്നെ, ധാരാളം വർണനകളുണ്ട്. വിശുദ്ധങ്ങളെന്നു കരുതപ്പെടുന്ന മതഗ്രന്ഥങ്ങളിൽപ്പോലും ഇവ കുറവല്ല. കാളിദാസനെയും ഷേക്സ്പിയറെയും പോലുള്ള ചിരസമ്മത സാഹിത്യകാരന്മാർ ശൃംഗാരരംഗങ്ങൾ ചിത്രീകരിക്കുന്നതിൽ ഒട്ടും പിന്നിലായിരുന്നില്ല. എന്നാലും, അത്തരം കൃതികളെല്ലാംതന്നെ, കൂടുതൽ ഉത്കൃഷ്ടമായ ഒരു ലക്ഷ്യം നേടുന്നതിനു വേണ്ടിയുള്ള ഉപകരണങ്ങളെന്ന നിലയിലേ ഇത്തരം ശൃംഗാരരംഗങ്ങളെ ഉപയോഗപ്പെടുത്തിയിട്ടുള്ളു. ഉത്കൃഷ്ടമായ കാവ്യരസാസ്വാദം ജനിപ്പിക്കുക, ഉദാത്തമായ സദാചാരം ഉദ്ബോധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ ആ കൃതികൾക്ക് എപ്പോഴും ഉണ്ടായിരുന്നു. ശൃംഗാരചിത്രങ്ങളും രതിവൈകൃത വർണനകളുമെല്ലാം അവരുടെ കൃതികളിൽ, മഹാക്ഷേത്രങ്ങളിൽ അങ്ങിങ്ങു കാണുന്ന ആഭാസപ്രതിമകളും നഗ്നചിത്രങ്ങളുംപോലെ, അപ്രധാനങ്ങളായ അലങ്കരണങ്ങൾ മാത്രമായിരുന്നു; അവയിലെ മുഖ്യ പ്രതിഷ്ഠകളുടെ സമഗ്രപ്രാധാന്യത്തെ കുറയ്ക്കുന്നതിന് ഇത്തരം വൈകൃതങ്ങൾ ഒരുതരത്തിലും കാരണമായിരുന്നില്ല. അതിനാൽ ബൈബിളിലോ രാമായണത്തിലോ മഹാഭാരതത്തിലോ ഉള്ള ശൃംഗാരരംഗങ്ങളുടെ പേരിൽ ഇന്നത്തെ ചെറുകഥകളുടെയും നോവലുകളുടെയും കേന്ദ്രസ്ഥാനീയമായ അശ്ലീലതയെ സാധൂകരിക്കുന്നത് ക്ഷോദക്ഷമമല്ല.

എങ്കിലും പൊതുവെ പറഞ്ഞാൽ, പതിനെട്ടാം നൂററാണ്ടുവരെ പാശ്ചാത്യ രാജ്യങ്ങളിലും ഇരുപതാം നൂററാണ്ടുവരെ പൗരസ്ത്യരാജ്യങ്ങളിലും ശൃംഗാരം, ലൈംഗികാവയവങ്ങളെയും ലൈംഗികക്രിയകളെയും കുറിക്കുന്ന ശുദ്ധ നാടൻ പദങ്ങൾ ഉപയോഗിക്കപ്പെടുന്നില്ലെങ്കിൽ, എത്രതന്നെ അതിർ വിട്ടതായിരുന്നാലും അസഭ്യമായി കരുതപ്പെട്ടിരുന്നില്ല. പുസ്തകങ്ങളുടെ പ്രചാരം പരിമിതവും നിരക്ഷരത്വം ഏറെക്കുറെ സാർവത്രികവു

മായിരുന്നതിനാൽ, ശൃംഗാരത്തിൻെറ ഈ അതിപ്രസരം ഏതെങ്കിലും വിധത്തിൽ സമുദായത്തിന് ആപത്ക്കരമെന്ന് കരുതപ്പെട്ടിരുന്നുമില്ല.

ആനുകാലികങ്ങളുടെ പ്രചാരവും സാക്ഷരതയും സാർവത്രികമായിത്തീർന്ന തോതിലാണ് 'സുരുചി'യുടെ പ്രശ്നം പൊന്തിവന്നത്. ഇംഗ്ലീഷ് സംസാരിക്കുന്ന ജനങ്ങൾക്കിടയിൽ ഇരുപതാം നൂററാണ്ടിൻെറ മധ്യംവരെ സാഹിത്യത്തിൽ സംഭോഗ ശൃംഗാരവർണന ഏറെക്കുറെ നിഷിദ്ധമായി കരുതപ്പെട്ടിരുന്നു. ഫ്രോയ്ഡിൻെറ മാനസികാപഗ്രഥന സിദ്ധാന്തങ്ങളും, അവയെ ആധാരമാക്കി നിർമിക്കപ്പെട്ട ഡി. എച്ച്. ലോറൻസിൻെറ 'ലേഡി ചാററർലി' പോലെയുള്ള കൃതികളുമാണ് ഈ നിഷേധത്തെ തകർത്തു കളഞ്ഞത്. അമേരിക്കയിൽ ഹെൻറി മില്ലറുടെ 'ട്രോപ്പിക് ഓഫ് ക്യാൻസർ' എന്ന നോവലിൻെറ നിരോധവും, തുടർന്നു നടന്ന കേസ്സും, നിരോധം നീക്കലും എല്ലാം ചേർന്ന് സാഹിത്യത്തിൽ മാമൂലുകൾക്കെതിരായ മനോഭാവത്തിന് ആക്കം കൂട്ടി.

ആയിരത്തിത്തൊള്ളായിരത്തിയമ്പതുകളും അറുപതുകളും പാശ്ചാത്യ രാജ്യങ്ങളിലെ സഭ്യതാസങ്കല്പത്തിൻെറ അതിരുകൾ മാററി മറിച്ചു മാച്ചുകളഞ്ഞു എന്നുതന്നെ പറയാം. ആനുകാലികങ്ങളിൽ പ്രത്യക്ഷപ്പെടുന്ന നഗ്നചിത്രങ്ങളും രതിവൈകൃതവർണനങ്ങളും ആരെയും നടുക്കാതായി. യാഥാസ്ഥിതികത്വത്തിൻെറ നെടുംകോട്ടയായി ഗണിക്കപ്പെട്ടിരുന്ന ഇംഗ്ലണ്ടിൽ മുതിർന്ന പുരുഷന്മാർക്കു തമ്മിൽ പരസ്പര സമ്മതത്തോടെ ലൈംഗികവേഴ്ച നിയമാനുസൃതമാക്കപ്പെട്ടതോടെ ലൈംഗികാശ്ലീലം (പൊർണോഗ്രാഫി) എന്ന സങ്കല്പത്തിനുതന്നെ സ്ഥാനമെവിടെ എന്നു പലരും സംശയിച്ചുതുടങ്ങി.

ഈ സംഭവങ്ങളെല്ലാം നമ്മുടെ നാട്ടിലും പ്രതികരണങ്ങളുണ്ടാക്കാതിരുന്നില്ല. പ്രത്യേകിച്ച് ഇന്ത്യ സ്വാതന്ത്ര്യം നേടുകയും, ഗാന്ധിയുഗത്തിൻെറ സദാചാരസങ്കല്പങ്ങൾ ഒരു പുതിയ സർവാനുവാദ സമുദായത്തിൻെറ (പെർമിസ്സീവ് സൊസൈററി) സങ്കല്പങ്ങൾക്കു വഴിമാറിക്കൊടുക്കുകയും ചെയ്തതോടെ അശ്ലീലമെന്ന ഒന്ന് ഇല്ലെന്നും ഉണ്ടാകേണ്ടതില്ലെന്നുമുള്ള ധാരണ ഇവിടെയും വളർന്നുവന്നു. അടിയന്തരാവസ്ഥക്കാലത്ത് പോലീസ്സിനെ പേടിച്ച് അശ്ലീലം ചുരുക്കിയിരുന്നവർതന്നെ, ജനതാഭരണാരംഭത്തോടെ ലഭിച്ച പൂർണ സ്വാതന്ത്ര്യം അശ്ലീലപ്രചാരണത്തിനു തികച്ചും ഉപയോഗപ്പെടുത്തി. ഈ നില ഇന്നും തുടരുകയും ചെയ്യുന്നു. എങ്കിലും, ചില കാര്യങ്ങൾ ഇവിടെ ശ്രദ്ധിക്കപ്പെടേണ്ടതായിട്ടുണ്ട്. ഒന്നാമത്ത് അശ്ലീലത്തിന് (പൊർണോഗ്രാഫിക്കു) എതിരായ നിയമങ്ങൾ നമ്മുടെ പീനൽകോഡിൽ ഇപ്പോഴുമുണ്ട്. ഈ നിയമങ്ങളുപയോഗപ്പെടുത്തി ഏതെങ്കിലും പോലീസുദ്യോഗസ്ഥന് ഏതെങ്കിലും പ്രസിദ്ധീകരണത്തിൻെറ പേരിൽ എപ്പോൾ വേണമെങ്കിലും, കേസ്സെടുക്കാവുന്നതേയുള്ളൂ.

രണ്ടാമത്ത്, നമ്മുടെ സമുദായത്തിൻെറ സദാചാരധാരണകൾ മൊത്തത്തിൽ ഇന്നും മാമൂലിൽനിന്ന് വളരെയൊന്നും വിട്ടുമാറിയിട്ടില്ല. ഒരു മനശ്ശാസ്ത്രമാസികയിലോ ലൈംഗികമാസികയിലോ പ്രസിദ്ധീകരിച്ചാൽ യാതൊരു തരക്കേടുമില്ലാത്ത ഒരു ലേഖനമോ, ചിത്രമോ ബഹുജനങ്ങൾക്കിടയിൽ ലിംഗ–വയോ വ്യത്യാസമില്ലാതെ ചെലവാകുന്ന അതിപ്രചരിതമായ ഒരു ആനുകാലികത്തിൽ ചേർത്താൽ അതിന് ആശാസ്യമില്ലാത്ത പ്രതികരണങ്ങൾ നമ്മുടെ നാട്ടിൽ ഇന്ന് ഉണ്ടാകും. പെട്ടെന്ന് പ്രചാരത്തിൽ കുറവു കണ്ടില്ലെങ്കിൽക്കൂടി, ആ ആനുകാലികത്തെപ്പററി സാധാരണ ജനങ്ങൾക്കിടയിലുള്ള ധാരണകൾക്ക് അതുമൂലം ഇളക്കം തട്ടും. ഇതിൻെറ ദീർഘകാലഫലം നല്ലതായിരിക്കുകയുമില്ല.

മൂന്നാമതായി ഒരു പുസ്തകത്തിൽ അനുവദനീയമായതു പലതും ഒരാനുകാലികത്തിൽ അനുവദിക്കപ്പെടുകയില്ല. കാമകേളികളെപ്പററി ഒരു പുസ്തക

ത്തിൽ വിസ്തരിച്ചും ചിത്രങ്ങളോടെയും പ്രതിപാദിച്ചാലും തരക്കേടൊന്നുമില്ല. ആവശ്യമുള്ളവർ അതു വാങ്ങുകയും, ഏകാന്തതകളിൽവെച്ച് അതു വായിക്കുകയും, വായിച്ച ശേഷം അതു ഭദ്രമായി സൂക്ഷിച്ചുവെക്കുകയും ചെയ്യും. എന്നാൽ, ആനുകാലികങ്ങളുടെ ഉപയോഗം ആ വിധത്തിലല്ല. അവ വീടുകളിലെ സ്വീകരണമുറികളിൽ ആർക്കും കാണത്തക്കവിധം വെക്കപ്പെടും. അവിടെ മുതിർന്നവരും കുട്ടികളും, വീട്ടുകാരും അതിഥികളും, എല്ലാം അവ എടുത്ത് മറിച്ചു നോക്കുകയും ചെയ്യും. കുട്ടികളിൽനിന്നു മറച്ചുവെയ്ക്കേണ്ട ഒരു പുസ്തകം വാങ്ങി വീട്ടിൽ കൊണ്ടുപോകാൻ മടിക്കാത്ത മാതാപിതാക്കൾതന്നെ, അവരിൽനിന്ന് ഒളിപ്പിക്കേണ്ട ഒരാനുകാലികം തുടർച്ചയായി വാങ്ങി വീട്ടിൽ കൊണ്ടുപോകാൻ ഇഷ്ടപ്പെടുകയില്ല. ചുരുക്കത്തിൽ, മാമൂൽവിലംഘനത്തിന്റെ കാര്യത്തിൽ ആനുകാലികപ്രവർത്തകന്മാർ തങ്ങളുടെ ഔചിത്യബോധത്തെ പരമാവധി ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ മിതത്വവും സംയമവും പാലിക്കുന്നത് ഒരിക്കലും അസ്ഥാനത്തായിരിക്കയില്ല. പ്രസിദ്ധ അമേരിക്കൻ സാഹിത്യകാരനായ എഡ്ഗാർ അല്ലൻപോ പത്തൊമ്പതാം നൂററാണ്ടിൽ അമേരിക്കയിലെ മാസികകളെപ്പററി പറഞ്ഞതു് ഇന്നത്തെ ഇന്ത്യയിലെ ആനുകാലികങ്ങളെപ്പററിയും പ്രസക്തമാണ്. അല്ലൻപോ അന്ന് എഴുതി:

'നമ്മുടെ മാസികാസാഹിത്യം അത്യന്തം മോശമായ ഒരു സ്വാധീനമാണ് ഉളവാക്കുന്നതെന്ന വസ്തുത ആർക്കു നിഷേധിക്കാനാവും? യുവമനസ്സുകൾക്ക് ശിക്ഷണം നല്കുന്നതിനു പകരം അവയെ കിലുക്കാംപെട്ടി കിലുക്കി രസിപ്പിക്കുകയും വൈക്കോലിഴകൊണ്ടു കിക്കിളിപ്പെടുത്തുകയും ചെയ്യുന്ന ആയിരക്കണക്കിനു ലേഖനങ്ങളാണ് മാസികകളിൽ പ്രസിദ്ധീകരിക്കപ്പെടുന്നതു്. ഭദ്രമായ സദാചാരബോധം ഉളവാക്കുന്നതിന്റെ സ്ഥാനത്തു് ഈ മാസികകൾ വിലപിടിച്ച എന്തിനെയും സംബന്ധിച്ച അവഗണന യുവമനസ്സുകളിൽ വളർത്തുന്നു. ദരിദ്രർക്കു തങ്ങളുടെ സ്ഥിതിയിൽ തൃപ്തിയുളവാക്കുന്നതിനു പകരം അവ ഫാഷന്റെയും പണക്കൊഴുപ്പിന്റെയും സുഖഭോഗങ്ങളെ പാടിപ്പുകഴ്ത്തുകയും, തങ്ങൾക്കുണ്ടെന്നു സങ്കല്പിക്കപ്പെടുന്ന ചില അഭാവങ്ങളെച്ചൊല്ലിയുള്ള കഠിനവേദന അനേകായിരം ഹൃദയങ്ങളിൽ കത്തിയാളിക്കുകയും ചെയ്യുന്നു. ഇത്തരം സാഹിത്യം ഒരു ജനദ്രോഹമല്ലയോ? ഈ സാഹിത്യത്തിന്റെ പ്രവണത ദൂഷിച്ചതാണെന്നു വിശ്വസിക്കുന്ന ഓരോ വ്യക്തിയും, അത്തരം സാഹിത്യം പ്രസിദ്ധപ്പെടുത്തുന്ന മാസികകൾ വാങ്ങാതിരിക്കുകയാണു ചെയ്യേണ്ടതു്.

11 ആഗസ്റ്റ്, 1978

# 57. അശ്ലീലസാഹിത്യം തടയാൻ

അശ്ലീലസാഹിത്യത്തിന്റെ പ്രചാരം തടയുന്നതിനുള്ള ഒരു പ്രസ്ഥാനം കേരളത്തിലെ ഏതാനും വിദ്യാർത്ഥിസംഘടനകൾ ആരംഭിച്ചിട്ടുള്ളതായി കാണുന്നു. ഗൗരവബുദ്ധിയോടെയാണ് ഈ പ്രവർത്തനത്തിലേർപ്പെട്ടിട്ടുള്ളതെങ്കിലും, അശ്ലീലപ്രചാരണം ഫലപ്രദമാംവിധം നിരോധിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിലും, ഈ വിഷയത്തെ സംബന്ധിച്ച ചില അടിസ്ഥാനവസ്തുതകൾ അവർ അറിഞ്ഞിരിക്കണം.

ഒന്നാമതായി, അശ്ലീലമെന്നാൽ എന്താണ്?